നം. കൈറ്റ്/2026/1562-7 (14) തീയതി : 03.11.2026

സർക്കുലർ

വിഷയം:- കൈറ്റ് - ലിറ്റിൽ കൈറ്റ്സ് ജൂനിയർ അഭിരുചി നടത്താൻ കഴിയാതിരുന്ന വിദ്യാലയങ്ങളിൽ രണ്ടാംഘട്ടമായി പരീക്ഷ നടത്തുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 1. സ.ഉ.(സാധാ) നം. 361 /2018/പൊ.വി.വ. തീയതി 20.01.2018
2. ഈ ഓഫീസിലെ 08.09.26 ലെ കൈറ്റ്/2026/1562-7 (1)നമ്പർ സർക്കുലർ
3. ഈ ഓഫീസിലെ 12.10.26 ലെ കൈറ്റ്/2026/1562-7 (7)നമ്പർ നടപടി ഉത്തരവ്
4. ഈ ഓഫീസിലെ 13.10.26 ലെ കൈറ്റ്/2026/1562-7 (8)നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ സൂചന 1 ഉത്തരവ് അനുസരിച്ച് പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ മാതൃകയിൽ സംസ്ഥാന സിലബസ് പിന്തുടരുന്ന സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി വിഭാഗം സ്കൂളുകളിൽ 2026-27 അധ്യയന വർഷം പൈലറ്റടിസ്ഥാനത്തിൽ 'ലിറ്റിൽ കൈറ്റ്സ് ജൂനിയർ' ഐടി ക്ലബ്ബുകൾ ആരംഭിക്കുന്നതിന് 2045 വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ടി വിദ്യാലയങ്ങളിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അഭിരുചി പരീക്ഷ നടത്തുവാൻ സൂചന 4 പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഉപജില്ലാ ശാസ്ത്രമേളകൾ നടക്കുന്ന സാഹചര്യത്തിൽ 238 വിദ്യാലയങ്ങളിൽ അഭിരുചി പരീക്ഷ നടത്തുവാൻ കഴിഞ്ഞിട്ടില്ല എന്ന് ജില്ലാ കോ-ഓർഡിനേറ്റർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി വിദ്യാലയങ്ങളിൽ 2026 നവംബർ 6 ന് രാവിലെ 10 മണി മുതൽ അഭിരുചി പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിരിക്കുന്നു.

അഭിരുചി പരീക്ഷക്കുള്ള ചോദ്യം ഉൾക്കൊള്ളുന്ന പ്രസന്റേഷനും, ഉത്തരസൂചികയും യൂണിറ്റുകളുടെ സമ്പൂർണ്ണ ലോഗിനിൽ നിന്നും നവംബർ 5 ന് ഡൗൺലോഡ് ചെയ്യേണ്ടതാണ്. പരീക്ഷ ആരംഭിക്കുന്നതിന് 30 മിനിട്ട് മുമ്പ് ചോദ്യംഉൾക്കൊള്ളുന്ന പ്രസന്റേഷന്റെയും 12 മണിക്ക് ഉത്തര സൂചികയുടെയും പാസ്വേഡ് വിദ്യാഭ്യാസ ഉപജില്ലയുടെ ചുമതലയുള്ള മാസ്റ്റർ ട്രെയിനറിൽ നിന്ന് ശേഖരിക്കേണ്ടതാണ്. സൂചന 4 സർക്കുലർ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് ജൂനിയർ യൂണിറ്റ് നിലവിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:
പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
അക്കാഡമിക്/അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർ, മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക്ക് ഫയൽ